

# ദിവ്യസംഗീത ഞായർ



## 2025 മെയ് 25

*മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടിയത്*

**ആരാധനാഹ്വാനം :**

**പ്രാരംഭ ഗാനം : ശുദ്ധാ ശുദ്ധാ ശുദ്ധാ.. (ക്രി. കീ. 16)**

**കൗമാ :**

## മഹത്വീകരണം

**ഒ**ന്നുമില്ലായ്മയിൽ നിന്ന് സകലത്തെയും ഉണ്മയിലേക്ക് വരുത്തിയവനും, ശൂന്യവും പാഴുമായിരുന്ന പ്രപഞ്ചത്തിന് ക്രമവും താളവും നിയമിച്ചവനും സകല ചരാചരങ്ങളെയും നല്ലതെന്ന് കണ്ട് അനുഗ്രഹിച്ചവനുമായ ഞങ്ങളുടെ പിതാവാം ദൈവമേ, അങ്ങയുടെ സന്നിധിയിൽ നിന്റെ മെനച്ചിലും കൈവേലയുമായ ഞങ്ങൾ ബലഹീനമായ പ്രാർത്ഥനാസ്വരങ്ങളോടും സമർപ്പണ ഹൃദയങ്ങളോടും അടുത്തുവരുന്നു..

കാൽവരി ക്രൂശിലെ പരമയാഗത്താൽ സകല പ്രപഞ്ചത്തിന്റെയും വീണ്ടെടുപ്പും യഥാസ്ഥാനപ്പെടലും പിതാവിന്റെ ഹിതത്തിന് പൂർണ്ണമായി വിധേയപ്പെട്ട് നിവർത്തിച്ചവനും ഞങ്ങളുടെ അകൃത്യങ്ങൾക്കും ലംഘനങ്ങൾക്കും പകരമായി തിരുനിണം ഒഴുക്കി ഞങ്ങളെ വീണ്ടെടുക്കുന്നതിനും തിരുഹിതമായ പുത്രനാം ക്രിസ്തുവേ, സ്തോത്രത്തോടും സംഗീതത്തോടും തിരുസന്നിധിയിൽ ഞങ്ങൾ ചേർന്ന് വന്ന് നിനക്ക് മഹത്വം കരേറ്റുന്നു..

സകല സത്യത്തിലേക്കും ഞങ്ങളെ നയിക്കുകയും പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ഞങ്ങൾക്ക് ബോധം വരുത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവാം ദൈവമേ തിരുസന്നിധിയിൽ ഞങ്ങൾ അർപ്പിക്കുന്ന ഈ ആരാധനയിലൂടെ ഞങ്ങളുടെ ഉള്ളിൽ പാപബോധവും നീതിബോധവും ന്യായവിധിയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലും നൽകി അനുഗ്രഹിക്കേണമേ.. ഞങ്ങൾക്ക് ലഭിച്ചിട്ടുള്ള ജീവശ്വാസവും ജീവന്റെ തുടിപ്പും ദൈവിക ചൈതന്യവും ദിവ്യസംഗീതത്തിന്റെ പകർച്ചയ്ക്കായും പങ്കിടീലിനായും ആകുന്നു എന്ന ബോധ്യത്താൽ ഞങ്ങളെ എപ്പോഴും വഴി നടത്തേണമേ.

സകല ആരാധനയും പുകഴ്ചയും മഹത്വവും ത്രിയേക ദൈവമേ അവിടുത്തേക്ക് മാത്രം യോഗ്യമായിരിക്കുന്നു... ആമേൻ

## അനുതാപം

ഓരോ പ്രാർത്ഥനകൾക്കും ശേഷം മൗനമായി നമ്മുടെ കുറവുകളെ ദൈവസന്നിധിയിൽ ഏറ്റു പറയാം..

ഏറ്റവും അവസാനം നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഗാനത്തിന്റെ വരികൾ അനുതാപത്തോടെ ചേർന്ന് പാടുകയും ചെയ്യാം..

1. ദൈവമേ, അവസാന ശ്വാസത്തോളവും തിരുനാമത്തെ സ്തുതിക്കുവാനായി നിന്റെ നിയോഗം നൽകി വിളിച്ചിരിക്കുന്നു എന്ന ദർശനം ഞങ്ങളുടെ ജീവിതത്തിൽ മങ്ങിപ്പോയ കുറവിനെയും തന്മൂലം പേരിനും പ്രശസ്തിക്കും സ്ഥാനത്തിനും വേണ്ടി കലഹിക്കുകയും ദൈവീക ഐക്യത്തിൽ നിന്ന് വ്യതിചലിക്കുകയും ദൈവത്തിന് മഹത്വം കൊടുക്കാതെ ഇരിക്കുകയും ദൈവീകമായ സംഗീതത്തിന്റെ സാക്ഷ്യ പ്രകാശനത്തിന് കഴിയാതെ പോവുകയും ചെയ്ത കുറവിനെ, അവിടുത്തെ മഹാ കരുണയാൽ ഞങ്ങളോട് ക്ഷമിക്കേണമേ..

*(മൗനമായി അനുതപിക്കാം...)*

2. ദൈവമേ അവിടുന്ന് തന്നിരിക്കുന്ന ആയുസ്സും അവസരങ്ങളും ദൈവകൃപയോടെ ഉപയോഗിക്കേണ്ടതിന് പകരം അവസരങ്ങളെ ഗണ്യമാക്കാതെയും നിയോഗങ്ങളെ ഗൗരവമായി പരിഗണിക്കാതെയും പ്രവർത്തിച്ച ഞങ്ങളുടെ കുറവുകളെ അവിടുത്തെ മഹാദയയാൽ ഞങ്ങളോട് ക്ഷമിക്കുമാറാകണമേ..

*(മൗനമായി അനുതപിക്കാം...)*

3. സാമൂഹിക മാധ്യമങ്ങളും വിവരസാങ്കേതികവിദ്യകളും നൽകുന്ന സാധ്യതകളും നന്മകളും അറിയാമെങ്കിലും അവയെ ദോഷകരമായി ഉപയോഗിക്കുകയും അപരന്റെ കുറവുകളെ ആഘോഷിക്കുന്നതിനുള്ള ഇടമാക്കുകയും അതിലൂടെ ദൈവീക ആലോചനക്കും ദൈവഹിതത്തിനും വിരുദ്ധമായി സഞ്ചരിക്കുകയും ചെയ്ത ഞങ്ങളുടെ കുറവുകളെ നിന്റെ മഹാകരുണയാൽ ഞങ്ങളോട് പൊറുക്കേണമേ..

*(മൗനമായി അനുതപിക്കാം...)*

*(എല്ലാവരും ചേർന്ന്)*

'നിന്റെ സ്നേഹം അറിഞ്ഞിട്ടും
നിന്നെ സ്നേഹിച്ചില്ലേ ഞാൻ
തന്നിഷ്ടനായി നടന്നു പോയി
നീക്കണേ എൻ പാപത്തെ...'

## സ്തോത്ര പ്രാർത്ഥന

ഓരോ സ്തോത്ര പ്രാർത്ഥനക്കും "ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു" എന്ന് പ്രതിവാക്യമായി പറയാം..

1. സകല സൃഷ്ടിയോടും ചേർന്ന് സ്രഷ്ടാവിനെ ആരാധിക്കുവാൻ ലഭിച്ച ഈ നല്ല ദിവസത്തിനായും..

   സംഗീതം എന്ന മാധ്യമത്തിലൂടെ ലഭിക്കുന്ന ക്രിസ്തീയ പ്രേരണകൾ, ആത്മീയ വളർച്ച, രക്ഷയുടെ സന്തോഷം എന്നിവയ്ക്കായും ദൈവമേ..

   *പ്രതിവാക്യം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു..*

2. അനശ്വരങ്ങളായ ക്രിസ്തീയ ഗാനങ്ങൾ തിരുസഭയ്ക്ക് ലഭിക്കുവാൻ കാരണമായ എല്ലാവർക്കായും മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ഓരോ ഇടവകകളിലും ശുശ്രൂഷ നിർവഹിച്ചുകൊണ്ടിരിക്കുന്ന ഗായകസംഘങ്ങൾക്കായും അതിലെ അംഗങ്ങൾക്കായും ദൈവമേ...

   *പ്രതിവാക്യം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു..*

3. മാരാമൺ കൺവെൻഷനിലൂടെയും ഗാനശുശ്രൂഷയിലൂടെയും ലഭിക്കുന്ന ആത്മീയ പ്രചോദനത്തിനായും സംഗീതാത്മകമായ ആരാധനാ ക്രമത്തിനായും ആരാധനാ സംഗീതത്തിനായും അവ പ്രതിഫലിപ്പിക്കുന്ന ദൈവശാസ്ത്ര, ദൈവവചന ഉൾക്കാഴ്ചകൾക്കായും ദൈവമേ...

   *പ്രതിവാക്യം : ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു..*

## മധ്യസ്ഥ പ്രാർത്ഥന

ഓരോ പ്രാർത്ഥനകൾക്കും "ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളേണമേ" എന്ന് പ്രതിവാക്യമായി പറയാം.

1. അസമാധാനവും അരക്ഷിതാവസ്ഥയും നിറഞ്ഞുനിൽക്കുന്ന പ്രദേശങ്ങൾക്കായും യുദ്ധത്തിന്റെ കെടുതികൾ അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കായും വർഗീയ സംഘർഷങ്ങൾ മതസ്പർദ്ധ/ഭീകരാക്രമണം എന്നിവ മൂലം സാമൂഹിക ജീവിതം ദുസ്സഹമായി തീർന്നവർക്കായും പ്രാർത്ഥിക്കാം. ക്രിസ്തീയ വിശ്വാസത്തിന്റെ പേരിൽ അതിക്രമങ്ങളും പീഡനങ്ങളും നേരിടേണ്ടി വരുന്ന ശുശ്രൂഷകരേയും, വിശ്വാസസമൂഹത്തേയും ഓർത്ത് പ്രാർത്ഥിക്കാം..

   *പ്രതിവാക്യം : ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളേണമേ..*

2. ലഹരിയുടെയും ആസക്തി രോഗങ്ങളുടെയും അടിമത്വത്തിൽ ജീവിതം ഹോമിക്കപ്പെടുന്നവർക്കായി പ്രാർത്ഥിക്കാം. ഈ വിപത്തിനെതിരെ പ്രതിരോധമുയർത്തുന്നവർ, കൗൺസിലിംഗ്, ചികിത്സ, ബോധവൽക്കരണം ഇവയിൽ നേതൃത്വം നൽകുന്ന വ്യക്തികൾ, സംഘടനകൾ എന്നിവയ്ക്കായി പ്രാർത്ഥിക്കാം.

   *പ്രതിവാക്യം : ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളേണമേ..*

3. മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും നേതൃത്വം നൽകുന്ന അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി, സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിമാർ, മറ്റ് തിരുമേനിമാർ, വൈദികർ, സുവിശേഷകർ, സേവിനിമാർ, ദയറായക്കാർ, ആത്മായ നേതാക്കൾ, വിശ്വാസ സമൂഹം എല്ലാവർക്കും ആയി പ്രാർത്ഥിക്കാം. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ സംഗീതസംവേദന വിഭാഗത്തിന് നേതൃത്വം നൽകുന്ന അഭി. ജോസഫ് മാർ ഇവാനിയോസ് എപ്പിസ്കോപ്പാ, ചുമതലക്കാർ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, ഓഫീസ് പ്രവർത്തകർ എല്ലാവർക്കുമായും പ്രാർത്ഥിക്കാം..

   *പ്രതിവാക്യം : ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളേണമേ..*



## സമർപ്പണ പ്രാർത്ഥന

ഞങ്ങളിൽ ജീവശ്വാസം ഊതിയ ദൈവമേ
ഞങ്ങൾ നിന്റെ വകയാണെന്നും
നിന്റെ ആത്മാവ് ഞങ്ങളിൽ വസിക്കുന്നു എന്നും
നിരന്തരം ഓർക്കുവാൻ ഞങ്ങളെ സഹായിക്കണമേ,
ദൈവമേ തിരുസന്നിധിയിൽ
പരമാർത്ഥ ഹൃദയത്തോടും
നിർമ്മല മനസ്സാക്ഷിയോടും നിന്നെ ആരാധിക്കുവാനും

നിനക്ക് സ്തുതി കരേറ്റുവാനും ഞങ്ങളെ തുണയ്ക്കണമേ..
തിരുനാമ മഹത്വത്തിനായി പാടുവാനും
തിരുരാജ്യത്തിന്റെ കെട്ടുപണിക്കായി
ആവോളം യത്നിക്കുവാനും
തിരുഹിതത്താൽ മാത്രം നിയന്ത്രിക്കപ്പെടുവാനും
ഞങ്ങളെ പൂർണമായി തിരുസന്നിധിയിൽ സമർപ്പിക്കുന്നു..
ആമേൻ.